## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2145 — 11.06.2018 ൽ മറുപടിക്ക്

## കുടുംബാരോഗ്യ കേന്ദ്രങ്ങൾ

| ചോദ്യം<br>ശ്രീ.വി. അബ്ദുറഹിമാൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇനി ഏതെങ്കിലും മണ്ഡലത്തിൽ കുടുംബാരോഗ്യ കേന്ദ്രം ആരംഭിക്കാൻ ബാക്കിയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ പ്രധാനമായും ഗ്രാമപ്രദേശങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. എന്നിരുന്നാലും എല്ലാ അസംബ്ലി നിയോജക മണ്ഡലങ്ങളെ ഉൾക്കൊള്ളിച്ചാണ് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുള്ളത്. വിട്ടുപോയ നിയോജക മണ്ഡലങ്ങളിലെ സ്ഥാപനങ്ങളെ 2018-19 കാലയളവിൽ ഉൾപ്പെടുത്തുന്ന വിഷയം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | കുടുംബാരോഗ്യകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | ബ്ലോക്കതല സി.എച്ച്.സി.കൾ ഒഴികെയുള്ള സി.എച്ച്.സി.-കളും മറ്റ് പി.എച്ച്.സി.കളെയുമാണ് ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെട്ടതും കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിക്കുന്നതിന് അനുയോജ്യമായ സാഹചര്യങ്ങളും ഉള്ള പി.എച്ച്.സി.കളെ അതാത് ബന്ധപ്പെട്ട എം.എൽ.എ.മാരുടെ അനുമതിയോടെ ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയാണ് 2017-18 സാമ്പത്തിക വർഷത്തിൽ സ്ഥാപനങ്ങളെ തിരഞ്ഞെടുത്തിട്ടുള്ളത്. |
| (സി) | എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളും എപ്പോഴത്തേയ്ക്ക് പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (സി) | ആർദ്രം പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട 170 കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 144 സ്ഥാപനങ്ങളുടെ വർക്കുകൾ പൂർത്തീകരിക്കുകയും ഇതിൽ 83 എണ്ണം ഉദ്ഘാടനം കഴിയുകയും ചെയ്തു. 17 എണ്ണത്തിന്റെ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. 9 കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യത്തിനുള്ള അപര്യാപ്തതമൂലം ഉടൻ പണി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കുടുംബാരോഗ്യകേന്ദ്രങ്ങളിൽ അടിസ്ഥാനസൗകര്യമുൾപ്പെടെ എന്തൊക്കെ സൗകര്യങ്ങളാണ് കൂട്ടതലായി ഉണ്ടാവുക; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | "ആർദ്രം" പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി.രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, ആരോഗ്യ കേന്ദ്രത്തിലേയ്ക്ക് ആവശ്യമായ സൈനേജുകൾ, സ്വകാര്യതയോടു കൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം, കുടിവെള്ള സൗകര്യം, ടോയലറ്റ് സൗകര്യങ്ങൾ എന്നിവ ക്രമീകരിക്കുന്നതിന്റെ നടപടികൾ പൂർത്തിയായി വരുന്നു. മൂന്നു ഡോക്ടർമാരുടെ സേവനം, നേഴ്സസ് പ്രീചെക്കും കൗൺസിലിംഗും, വൈകീട്ട് 6 മണിവരെ ഒ.പി.സേവനങ്ങൾ, ലബോറട്ടറി സൗകര്യങ്ങൾ, ആശ്വാസ്, ശ്വാസ് ക്ലിനിക്കുകൾ തുടങ്ങിയവ ലഭ്യമാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ